**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കും നിക്ഷേപ വർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ദേശസാത്കൃത ബാങ്കുകളെ ലയനം വഴിയും സ്വകാര്യവൽക്കരണം വഴിയും ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ദരിദ്ര ജനവിഭാഗങ്ങളുടെ സാമ്പത്തിക ഏകീകരണത്തിനായി സഹകരണ മേഖലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള കറണ്ട്/സേവിംഗ്സ് നിക്ഷേപങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ അഗ്രി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, ആനിമൽ ഹസ്ബന്ററി ഇൻഫ്രാ ഡിപ്പാർട്ട്മെന്റ് ഫണ്ട്, പ്രധാൻമന്ത്രി ഫോർമോലൈസേഷൻ ഓഫ് മൈക്രോ പ്രോസസ്സിങ്ങ് എന്റർപ്രൈസസ് എന്നീ പദ്ധതികൾ കേരള ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ കൃഷി, മൃഗസംരക്ഷണ, മത്സ്യ വികസന വകുപ്പുകളുടെ വിവിധ പദ്ധതികളും ബാങ്കിന്റെ ദീർഘകാല കാർഷികവായ്പയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു. കോവിഡ് അതിജീവനത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി പ്രകാരം സ്വയംസഹായ സംഘങ്ങൾക്ക് പരമാവധി 4 ലക്ഷം രൂപവരെ ഗ്രൂപ്പ് വായ്പകൾ നൽകിയിരുന്നു. മത്സ്യബന്ധന മേഖലയിലെ വനിതകളുടെ ജീവനോപാധികൾക്കുമായും കേരള ബാങ്ക് വായ്പ നൽകി വരുന്നു. കേരള ബാങ്ക് രൂപീകരണത്തിന്റെ ഫലമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് നൽകുന്ന കിസാൻ ക്രെഡിറ്റ് കാർഡ് വായ്പയ്ക്ക് 1% പലിശ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 6 % പലിശയ്ക്ക് കർഷകർക്ക് നൽകുന്ന വായ്പയ്ക്ക് 3% പലിശ സബ് വെൻഷൻ ലഭിക്കും(ജില്ലാ സഹകരണ ബാങ്കിന്റെ ഇടനില മാർജിൻ ഒഴിവായതിനാൽ 3 ശതമാനം പലിശയ്ക്ക് കർഷകർക്ക് ലഭിക്കുന്നു). |
| (ബി) | കേരള ബാങ്കിനെ സംസ്ഥാനത്തെ ഏറ്റവും വലിയ ബാങ്കായി വളർത്തിയെടുത്ത് സംസ്ഥാനത്തെ | (ബി) | ഉണ്ട്. കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉതകുന്ന |

| | | | |
|---|---|---|---|
| | ജനങ്ങളുടെ സമ്പാദ്യം സംസ്ഥാനത്ത് നിക്ഷേപ വർദ്ധനവ് സാധ്യമാക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; | | രൂപത്തിൽ കറണ്ട്/സേവിംഗ്സ് നിക്ഷേപങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. KBസീനിയർ സിറ്റിസൺ സേവിംഗ്സ് KB വനിത സേവിംഗ്സ് KB യംഗ് സേവിംഗ്സ് KB മൈനർ സേവിംഗ്സ് KB സഹായം സേവിംഗ്സ് KB പെൻഷണർ സേവിംഗ്സ് KB കുടുംബം സേവിംഗ്സ് KB ഫ്രീഡം സേവിംഗ്സ് (PACS) നിക്ഷേപങ്ങൾക്ക് ദേശസാത്കൃത ബാങ്കുകളേക്കാൾ പലിശ നിരക്ക് സഹകരണ ബാങ്കുകൾ നൽകുന്നുണ്ട്. |
| (സി) | പുതുതലമുറയിൽ പെട്ടവരെക്കൂടി സഹകരണ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കത്തക്ക രീതിയിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടു കൂടി RTGS/NEFT, മൊബൈൽ ബാങ്കിംഗ്, IMPS (Immediate Payment System), ഇന്റർനെറ്റ് ബാങ്കിംഗ്, UPI (Unified Payment Interface) BBPS (Bharath Bill Payment System) CTS (Cheque Truncation System), ATM, മൈക്രോ ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System) DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ